16891
11/8/17

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം - കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ കെ. കണ്ണൻ എന്നയാളുടെ മകളും ആശ്രിതയുമായ ശ്രീമതി. കെ. ലീല പഞ്ചായത്ത് വകുപ്പിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ (എം.എസ്) നം. **149/2017/തസ്വഭവ.** തീയതി, തിരുവനന്തപുരം: **22.07.2017**

---

പരാമർശം : - 1) സ.ഉ (പി) നം. 12/99/പി & എ ആർ.ഡി തീയതി, 24.5.1999.
2) സർക്കുലർ നം. 6678/ഉപസി2/04/ഉഭപവ. തീയതി 18.05.2014.
3) സ.ഉ (പി) നം. 14/2010/പി&എ.ആർ.ഡി തീയതി, 12/04/2010.
4) ശ്രീമതി. ലീലയുടെ 22.02.2010, 26.11.2013 തീയതികളിലെ അപേക്ഷ.
5) സർക്കാരിന്റെ 17.08.2011 ലെ 39114/ഇപിഎ 3/11/തസ്വഭവ നം. കത്ത്.
6) സ.ഉ (എം.എസ്) നം. 143/2014/തസ്വഭവ. തീയതി 05.08.2014
7) പഞ്ചായത്ത് ഡയറക്ടറുടെ 03.08.2015 ലെ ഇ 14-30357/2010 നമ്പർ കത്ത്.
8) കൊല്ലം ജില്ലാ കളക്ടറുടെ 02.02.2017 ലെ D.Dis S4-73897/14(1) നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ ഫുൾടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ കെ. കണ്ണന്റെ മകളും ആശ്രിതയുമായ ശ്രീമതി. കെ. ലീല സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചു.

കെ. കണ്ണൻ മരണമടഞ്ഞത് 18.07.1989 ലാണ്. സമാശ്വാസ തൊഴിൽദാന പദ്ധതി വഴി നിയമനം ലഭിക്കുന്നതിനായി ശ്രീമതി. കെ. ലീല പരാമർശം (4) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) ൽ അനുശാസിക്കുന്ന നിശ്ചിത സമയപരിധിയ്ക്കകം അല്ലാത്തതിനാൽ പരാമർശം (5) പ്രകാരം നിരസിക്കുകയുണ്ടായി.

പ്രാഥമിക വിദ്യാഭ്യാസ യോഗ്യത പോലും നേടിയിട്ടില്ലാത്തതിനാൽ ശ്രീമതി. കെ. ലീലയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനെക്കുറിച്ചോ ആയതിന് അപേക്ഷ സമർപ്പിക്കുന്നതിന് സമയപരിധിയുണ്ടെന്നതിനെക്കുറിച്ചോ യാതൊരു അറിവും ഇല്ലായിരുന്നുവെന്നും ആയതിനാൽ ടി കാലതാമസം മാപ്പാക്കി അപേക്ഷ പരിഗണിക്കണമെന്നും അഭ്യർത്ഥിച്ച് മാപ്പപേക്ഷയോടൊപ്പം ശ്രീമതി. കെ. ലീല

26.11.2013 ലെ അപേക്ഷ പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഖണ്ഡിക 19 പ്രകാരം സർക്കാർ ഉദ്യോഗസ്ഥൻ മരണമടഞ്ഞത് രണ്ട് വർഷത്തിനകമോ ആശ്രിതൻ മൈനറാണെങ്കിൽ പ്രായപൂർത്തിയായി മൂന്ന് കൊല്ലങ്ങൾക്കകമോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ശ്രീമതി. കെ. ലീല സമാശ്വാസ തൊഴിൽദാന പദ്ധതി വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിൽ 20 വർഷത്തിലധികം കാലതാമസം ഉണ്ടായിട്ടുണ്ട്.

പരാമർശം (4) പ്രകാരം ശ്രീമതി. കെ. ലീല സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷ നൽകാനുണ്ടായ 20 വർഷത്തിലധികമായുള്ള കാലതാമസം മാനുഷിക പരിഗണന കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ചട്ടങ്ങളിൽ ഇളവ് വരുത്തി മാപ്പാക്കി പരാമർശം (6) പ്രകാരം ഉത്തരവായിരുന്നു.

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറായിരിക്കെ 18.07.1989 ലാണ് കെ. കണ്ണൻ നിര്യാതനാവുന്നത്. അപേക്ഷകയായ ശ്രീമതി. കെ. ലീല പരേതന്റെ മകളാണ്. പരേതനായ കെ. കണ്ണന് 8 വർഷവും 8 മാസവും 18 ദിവസവും സേവനകാലമുണ്ട്. അപേക്ഷകയുടെ ജനനതീയതി 15.10.1969 ആണ്. 47 വയസ്സ് പൂർത്തിയായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനത്തിനായാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളത്.

അപേക്ഷയോടൊപ്പം പരേതനായ കെ. കണ്ണന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 24,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും, കൊല്ലം ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ കെ. കണ്ണന്റെ മകളും ആശ്രിതയുമായ ശ്രീമതി. കെ. ലീല (തോട്ടുങ്കിൽ ഹൌസ്, കിഴക്കേകല്ലട, കൊല്ലം ജില്ല)യുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം (1), (3) ലെ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ മരണമടഞ്ഞ കെ. കണ്ണന്റെ സേവന സാക്ഷ്യപത്രത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ, അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ

വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാൾക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാകുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**ഗവ. അഡീഷണൽ സെക്രട്ടറി**

ശ്രീമതി. കെ. ലീല, തോട്ടരുകിൽ ഹൌസ്, കിഴക്കേകല്ലട, കൊല്ലം ജില്ല. (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം ( എല്ലാ രേഖകളും ഉൾപ്പെടെ)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ജില്ലാ കളക്ടർ, കൊല്ലം.

സെക്രട്ടറി, കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്, കൊല്ലം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. 192/ഇപിഎ 3/2016/തസ്വഭവ.)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ